**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. T4654**

**27.06.2014 - ൽ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക - ആശ്വാസ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) വിവിധ ബാങ്കുകളിൽ നിന്നും ധന കാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പ കുടിശ്ശികയായതിനെത്തുടർന്ന് നിയമ നടപടി നേരിടേണ്ടി വരുന്ന വർക്കായി ഏതെങ്കിലും തരത്തി ലുള്ള ആശ്വാസ നടപടികൾ നടപ്പി ലാക്കുന്നുണ്ടോ; പദ്ധതിയുടെ വിശ ദാംശം ലഭ്യമാക്കാമോ; | (എ) വിവിധ ബാങ്കുകളിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക ആയി നിയമ നടപടികൾ നേരിടേണ്ടി വരുന്നവരെ സഹായിക്കാനായി സംസ്ഥാന സർക്കാർ റവന്യൂ റിക്കവറിക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>പരിഗണന അർഹിക്കുന്ന കേസുകളിൽ റിസർവ്വ് ബാങ്ക്/ കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമായി ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ കാലാവധി നീട്ടികൊടുക്കൽ തുടങ്ങിയ നടപടികൾ ബാങ്കുകൾ നടപ്പാക്കി വരുന്നുണ്ട്. |

കൂടാതെ, സംസ്ഥാനത്തെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്ക്, വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാന, കേന്ദ്ര സർക്കാരുകൾ പലിശ സബ്സിഡി നൽകി വരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഇതേവരെ നൽകിയിട്ടുള്ളത്; ഇതിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡമെന്തായിരുന്നു; | (ബി) | ബി.പി.എൽ. വിഭാഗത്തിൽ 31.03.2014 വരെ 6481 വിദ്യാർത്ഥികൾക്ക് 36,43,75,000/- രൂപയുടെ പലിശ സബ്സിഡി സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കായി പുറപ്പെടുവിച്ച പലിശ സബ്സിഡി സ്കീമിന്റെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഉത്തരവുകൾ അനുബന്ധം 1, 2 -ൽ ചേർത്തിരിക്കുന്നു. |
| (സി) | വിദ്യാഭ്യാസം പൂർത്തീകരിച്ചിട്ടും കാര്യമായ വരുമാനദായകമായ ജോലി ലഭിച്ചിട്ടില്ലാത്തവരുടെ വായ്പാ കുടിശ്ശിക, പിഴപ്പലിശ തുടങ്ങിയവ എഴുതിത്തള്ളാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ